"ഭരണഭാഷ - മാതൃഭാഷ"

നം:എൻ.2/12931/2026/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 24-07-2026

**<u>സർക്കുലർ</u>**

വിഷയം:- പൊതുവിദ്യാഭ്യാസം -പൊതുവിദ്യാഭ്യാസം-സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് കംപോണന്റ്-II അനാരോഗ്യകരമായ ചുറ്റുപാടിൽ പണിയെടുക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി- സംബന്ധിച്ച്

സൂചന :- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 13/07/2026 തീയതിയിലെ SCDD/3326/2026-B3(EDN B) നമ്പർ കത്ത്.

*****

അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ ആശ്രിതർക്കുവേണ്ടി സംസ്ഥാന-കേന്ദ്ര സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയായ Central Prematric Scholarship Scheme for the Children of Parents/Guardians engaged in unclean & hazardous occupation (Pre Matric Scholarship Component II) 2026-27 വർഷം നടപ്പിലാക്കുന്നതിനായി സൂചന പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2023-24 അധ്യയന വർഷം മുതൽ സ്കൂളിന്റെ ഇ-ഗ്രാന്റ്സ് ലോഗിൻ മുഖേനയാണ് ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നത്. പദ്ധതിയ്ക്ക് ജാതി/മതം/വരുമാനം എന്നീ നിബന്ധനകൾ ബാധകമല്ല. 2026 ആഗസ്റ്റ് 15 വരെയാണ് പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി.

**<u>പൊതുവായ നിബന്ധനകൾ</u>**

1. ചുവടെ നിർണ്ണയിച്ചിട്ടുള്ളതു പ്രകാരമുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതരായവരും ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം.

| | |
|---|---|
| (a) | Prohibition of employment as manual Scavengers & their rehabilitation Act 2013 Section 2(1) (g) ൽ നിർണ്ണയിച്ചതു പ്രകാരം Manual Scavengers ആയിട്ടുള്ളവർ |
| (b) | Prohibition of employment as manual Scavengers & their rehabilitation Act 2013 Section 2(1) (d) ൽ നിർണ്ണയിച്ചതു പ്രകാരം hazardous cleaning ൽ ഏർപ്പെട്ടിട്ടുള്ളവർ |
| (c) | Tanners & Flayers (തോൽ ഊറയ്ക്കിടുന്ന തൊഴിലിൽ ഏർപ്പെട്ടവർ) |
| (d) | Waste Pickers (മാലിന്യം ശേഖരിയ്ക്കുന്നവർ) |
| (e) | The dependents of sewer victims (who have died of might have suffered disabilities) [അഴുക്കുചാലിലെ ഇരകളുടെ ആശ്രിതർ (മരണപ്പെടുകയോ വൈകല്യങ്ങൾ നേരിടേണ്ടി വന്നിരിക്കുകയോ ചെയ്യുന്നവർ] |

2. വിദ്യാഭ്യാസ സ്ഥാപനത്തിന് Valid ആയ UDISE Code ഉണ്ടായിരിക്കണം.

3. ഹരിതകർമ്മ സേന പ്രവർത്തകരുടെ ആശ്രിതർക്ക് പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.

4. പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് ജാതി/മതം/വരുമാനം എന്നീ നിബന്ധനകൾ ബാധകമല്ല.

5. അപേക്ഷകരായ വിദ്യാർത്ഥികൾക്ക് ആധാർ സീഡഡ് ബാങ്ക് അക്കൗണ്ട് നിർബന്ധമാണ്

6. ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് ₹3500/-, ഹോസ്റ്റലറായിട്ടുള്ള വിദ്യാർത്ഥികൾക്ക് ₹8000/-എന്നീ നിരക്കിൽ ഒറ്റത്തവണയായി സ്കോളർഷിപ്പ് ലഭിക്കും. സ്കോളർഷിപ്പ് തുകയുടെ 40% സംസ്ഥാന സർക്കാർ PFMS മുഖേന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകുകയും 60% തുക കേന്ദ്രസർക്കാർ നേരിട്ട് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യും.

7. 3 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളെ മാത്രമേ ഹോസ്റ്റലർ ആനുകൂല്യത്തിനായി പരിഗണിക്കുകയുള്ളൂ.

8. ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് 10% തുക അധികമായി ലഭിക്കുന്നതാണ്. ഭിന്നശേഷിയുള്ളവരും ഹോസ്റ്റലറായിട്ടുള്ളവരും അതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

9. 9-10 ക്ലാസുകളിൽ പഠിക്കുന്നതും Central Prematric Scholarship Component-II പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹതയുള്ളതുമായ വിദ്യാർത്ഥികൾക്ക് Central Prematric Scholarship Component-1, Central Prematric Scholarship Component-II എന്നിവയിൽ ഒരു സ്കോളർഷിപ്പിന് മാത്രമേ അപേക്ഷിക്കുവാൻ കഴിയുകയുള്ളൂ.

10. ക്ഷേമാധിഷ്ഠിത സ്കോളർഷിപ്പുകൾ ലഭിക്കുന്ന ഒരു വിദ്യാർത്ഥിയ്ക്ക് മെരിറ്റ് സ്കോളർഷിപ്പിനും തിരിച്ചും അർഹതയുണ്ടായാൽ ടി വിദ്യാർത്ഥിയ്ക്ക് രണ്ട് സ്കോളർഷിപ്പുകളും വാങ്ങാവുന്നതാണ്.

സ്കോളർഷിപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ടാകുന്ന തരത്തിലുള്ള ഏതു പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് അതത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാരെ സമീപിക്കാവുന്നതാണ്.

Digitally signed by
Santhosh C A
Date: 24-07-2026
16:31:33

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവിമാരും

പകർപ്പ്:

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്,

തിരുവനന്തപുരം(പ്രസിദ്ധീകരണത്തിനായി)